**രണ്ടാം ഘട്ട പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവ കേന്ദ്രങ്ങളുടെ(പിഒപിഎസ്കെ ) ഉദ്ഘാടനം**

ജൂണ് 17, 2017

പാസ്പോർട്ടുമായി ബന്ധപ്പെട്ട സേവനങ്ങള് രാജ്യത്തെ പൌരൻമാർക്ക് നൽകുന്നതിന് വേണ്ടി നിരവധി സംസ്ഥാനങ്ങളിലെ ഹെഡ് പോസ്റ്റ് ഓഫീസുകളെ (എച്ച്പിഒ) പോസ്റ്റ് ഓഫീസ് പാസ്പോർട് സേവ കേന്ദ്രങ്ങളായി (പിഒപിഎസ്കെ)ഉപയോഗിക്കുവാന് കേന്ദ്ര വിദേശകാര്യ മന്ത്രാലയവും (എംഇഎ) ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്സ്(ഡിഓപി) തീരുമാനിച്ചു. പാസ്പോർട്ട് സേവനങ്ങള് കൂടുതല് മേഖലകളിലേക്കു എത്തിക്കുന്നത് ഉറപ്പാക്കുവാനും സേവനങ്ങള് കൂടുതല് വർദ്ധിപ്പിക്കുക എന്നതുമാണ് ഇതിന്റെ ഉദ്ദേശം.ആദ്യ ഘട്ടത്തില് 86 പിഒപിഎസ്കെകള് രാജ്യത്ത് തുറക്കാന് തീരുമാനിച്ചു. 52 പിഒപിഎസ്കെകള് പ്രവർത്തനക്ഷമമാണ്. ആദ്യ ഘട്ടത്തിലെ ബാക്കിയുള്ള 34 പിഒപിഎസ്കെകളില് പാസ്പോർട്ട് ബന്ധപ്പെട്ട സേവനങ്ങള് പ്രാവർത്തികമാക്കാന് എംഇഎയും ഡിഒപിയും വളരെ അടുത്തു പ്രവർത്തിച്ചു വരുന്നു.

ഈ പിഒപിഎസ്കേകളുടെ വിജയകരമായ പ്രവർത്തനത്തെ പിന്തുടർന്നും ജനങ്ങളില് നിന്നുമുള്ള വളരെ നല്ല പ്രതികരണങ്ങളെ തുടർന്നും എം ഇ എ യും ഡി ഒ പിയും മറ്റു 149 പിഒപിഎസ്കെകള് കൂടി താഴെ പറയുന്ന ഇടങ്ങളില് ആരംഭിച്ചു കൊണ്ട് രാജ്യത്തെ മൊത്തം പിഒപിഎസ്കേകളുടെ എണ്ണം 235 ആക്കുവാനുള്ള ശ്രമത്തില് ആണ്

സീരിയല് നമ്പര് സംസ്ഥാനം /യുടെ സ്ഥലം ആകെ

1 ആന്ധ്രപ്രദേശ് അനന്തപൂര് , ചിറ്റൂര്, ഗുണ്ടൂര് , കൃഷ്ണ,ഓം ഗോള് , രാജമുദ്രി , ശ്രീകാകുളം -7
2 അരുണാചല് പ്രദേശ് ചാംഗ്ലാംഗ് , തിരാപ് - 2
3 അസം ധുബ്രി , ദിബ്രുഗഡ് , ഗോള്പര , കാർബി ആംഗ്ലേലാംഗ് , കൊക്രചാര് , മംഗൽടോയ്, നോർത്ത് ലഖിംപൂര് , സോനിത്പൂര് , തിൻസുകിയ -9
4 ബീഹാര് ബെഗുസരായ് , ബക്സര് , ഈസ്റ്റ് ചമ്പാരന് , ഗയ , മധുബാനി , സമസ്തിപൂര് , സുപൌല് , മുനഗേര് , നവദ -9
5 ഛതീസ്ഗഡ് ദുർഗ് , രാജ്നന്ദ് ഗാവ് - 2

6 ഗുജറാത്ത് ആനന്ദ് , ഭാരുച് , ഭാവ്നഗര് , ജമ്നാനഗര് , ജുനാഗഢ് , ഖേഡ , നവസാരി , വൽസദ് -8
7 ഹരിയാന ഭിവാനി , കൈതല് , നർനൌല് ,പാനിപത് , റോഹ്താക് സോനിപത് , യമുനാനഗര് -7
8 ഹിമാചല് പ്രദേശ് കാംഗ്ര , മാണ്ടി , ഊന -3
9 ജമ്മു & കശ്മീര് അനന്തനാഗ് , ബാരമുള്ള , കാത്തുവ -3
10 ജാർക്കണ്ട് ബോകാറോ , ഹസാരിബാഗ് , മേദിനി നഗര് - 3
11 കർണാടക ബെല്ലാരി , ബിദര് , റൈച്ചുര് , ഷിവ മോഗ , തു മാകുറു, ഉഡിപി , വിജയപൂര് -7
12 കേരള ചെങ്ങന്നൂര് , ഇടുക്കി - 2
13 മധ്യ പ്രദേശ് ബാലഘട്ട്, ചിണ്ടാര , ദേവസ് , ഹോഷംഗബാദ് , സെഹോര് , സിദ്ധി , ഉജ്ജെന് , ബെതുല് , ഷിവ്നി - 9
14 മഹാരാഷ്ട്ര അഹമ്മദ്നഗര് , ജാല്ന , ലാത്തൂര് , പണ്ടാർപ്പൂര് , സാംഗ്ലി ,സിന്ധു ദുർഗ് , വാര്ധ , നവി മുംബൈ , ഡോംബിവിലി , പനവേല് ,നന്ദേദ് -11
15 മേഘാലയ ബാഗമാര , തുറ - 2
16 ഒദീഷ ബാലസോര് , ബെർഹാംപൂര് , ഭാവാനിപട്ന -3
17 പഞ്ചാബ് മോഗ , സംഗ്രൂര് , തരന് താരന് ,എസ്ബി എസ് നഗര് (നവന് ശഹാര് ) . ഭഗ്വാര - 5
18 പുതുച്ചേരി കാരൈക്കല് - 1
19 രാജസ്ഥാന് അജ്മീര് , ചുരു , ദുങ്ങാർപൂര് , ഹനുമാൻഗഡ് , കരൌളി - ദൌൽപൂര് , നഗൌര് , ശ്രീഗംഗാനഗര് ,ആൾവാര് , ചിറ്റോർഗഡ് , ബൻസ്വര , പാലി -11
20 തമിഴ്നാട് കൂടല്ലൂര് , ഡിണ്ടിഗല് , നാമക്കല് , പെരംപാലൂര് , പുതുക്കോട്ടൈ , രാമനാഥപുരം , ശിവഗംഗ , തിരുപ്പൂര് , വിലുപ്പുരം ,വിരുധുനഗര് , കന്യാകുമാരി (വടക്ക്)- 11
21 തെലങ്കാന ആദിലാബാദ് , മേദക് , ഖമ്മം , സിദ്ധിപെറ്റ് , നൽഗോണ്ട - 5
22 ഉത്തർഖണ്ഡ് , പൌരി ,രൂർകി , രുദ്രപൂര് - 3
23 ഉത്തർപ്രദേശ് , അലിഗഡ് , അമേതി , അസംഗഡ്,ബഹരിച് , ബാല്ലിയ , ബൽറാംപൂര് , ബാരാബങ്കി , ബസ്തി , ഗോണ്ട , ജൌൻപൂര് , കുഷിനഗര് , മാവു , സിതാപൂര് , മുറാദാബാദ് , പ്രതാപ്ഗഡ് , റായ് ബറേലി , റാംപൂര് , സഹാറൻപൂര് , ഉന്നാവോ - 19
24 വെസ്റ്റ് ബംഗാള്, ബർധ്മാന് , ബരാക്പോര്, ഡാർജിലിംഗ്, മാള്ഡ - 4
25 ഡെൽഹി കൃഷ്ണ നഗര്, ലോധി റോഡ്, സാകേത് - 3

ആകെ 149

മേയ് 2014 നു ശേഷം കേന്ദ്ര വിദേശകാര്യ മന്ത്രാലയം  വടക്ക് കിഴക്കന് സംസ്ഥാനങ്ങളിലേത് ഉൾപ്പെടെ  14 പാസ്പോർട്ട് സേവ ലഘു കേന്ദ്രങ്ങള് (പിഎസ്എൽകെ ) തുറക്കുകയുണ്ടായി. വെസ്റ്റ് ബംഗാളിലെ സിലിഗുരിയില് രണ്ടും  മഹാരാഷ്ട്രയില് ഷോലാപൂരില് രണ്ടും പിഎസ്എൽകെകള് കൂടി തുറന്ന് അധികം താമസിയാതെ ഉദ്ഘാടനം ചെയ്തു കൊണ്ട് രാജ്യത്തെ പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മൊത്തം എണ്ണം 93 ആക്കുകയാണു ലക്ഷ്യം .  235 പിഒപിഎസ്കെകള് കൂടെ ചേരുമ്പോള് മൊത്തം പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ എണ്ണം , പിഒപിഎസ്കെ അടക്കം , ഇപ്പോഴത്തെ ഗവൺമെന്റ് പൌരന്മാരുടെ പ്രയോജനത്തിനായി കൂട്ടിചേർക്കപ്പെടുന്നവയുടെ എണ്ണം 251 ആകും

ന്യൂഡെൽഹി
ജൂണ് 17 , 2017